<u>ഭരണഭാഷ മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ- **jd1hse.dge@kerala.gov.in**
**ഫോൺ: 0471-2580738**

**എച്ച് എസ് ഇ/14248/2024-എ സി ഡി എസി പി എൽ1** **തീയതി:13-08-2024**

## <u>സർക്കുലർ</u>

വിഷയം: **2024 ജൂൺ 24 നു ക്ലാസ്സ് തുടങ്ങിയശേഷം അഡ്മിഷൻ ലഭിച്ച പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നഷ്ടമായ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നത് സംബന്ധിച്ച്**

സൂചന: **30/07/2024 ൽ ആർ ഡി ഡി മാർ പങ്കെടുത്ത മീറ്റിംഗിലെ നിർദേശങ്ങൾ**

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **09.08.24**ന് സ്പോട്ട് അഡ്മിഷൻ കഴിഞ്ഞതോടെ ഈ വർഷത്തെ ഏകജാലകപ്രവേശന നടപടികൾ അവസാനിച്ചിരിക്കുകയാണല്ലോ. **24/06/2024**നു ക്ലാസ്സ് തുടങ്ങിയശേഷം അഡ്മിഷൻ ലഭിച്ച പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നഷ്ടമായ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിന് സ്കൂളടിസ്ഥാനത്തിൽ പ്ലാൻ ഓഫ് ആക്ഷൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതായി കാണുന്നു. **30** ദിവസം വരെ അധ്യയന ദിനങ്ങൾ നഷ്ടമായവരുണ്ടാകാം.

ഒരേ ക്ലാസ്സിൽ തന്നെ വിവിധ ഘട്ടങ്ങളിലായി (രണ്ട് സപ്ലിമെൻററി അലോട്ട്മെന്റുകളിലൂടെയും, രണ്ട് ട്രാൻസ്ഫർ അലോട്ട്മെന്റുകളിലൂടെയും, മാനേജ്മെന്റ്, കമ്മ്യൂണിറ്റി അഡ്മിഷനിലൂടെയും സ്പോട്ട് അഡ്മിഷനിലൂടെയും) പുതുതായി വന്നവരും കോമ്പിനേഷൻ മാറി വന്നവരും ഉണ്ടാകും. അതിനാൽ പഠിക്കാത്ത പാഠഭാഗങ്ങൾ സംബന്ധിച്ച് വ്യത്യസ്ത ആവശ്യകതയുള്ള വിദ്യാർത്ഥികളാണുണ്ടാവുക. വിവിധ ജില്ലകളിൽ തുടർച്ചയായി അവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നഷ്ടമായ പാഠഭാഗങ്ങളുടെ കാര്യത്തിൽ ആവശ്യകത വ്യത്യസ്തമായിരിക്കും. ഈ സാഹചര്യത്തിൽ

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു

1)വൈകി അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ ഓരോ ക്ലാസിലെയും എണ്ണമെടുത്ത് അവരെ പഠിപ്പിക്കുന്നതിന് സ്കൂൾ അടിസ്ഥാനത്തിൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ഷെഡ്യൂൾ തയ്യാറാക്കണം.

2. പര്യാപ്തമായ സമയം പി.ടി.എ.യുടെ അനുമതിയോടെ രാവിലെയോ, വൈകുന്നേരങ്ങളിലോ ശനിയാഴ്ചകളിലോ, തിങ്കൾ-വെള്ളി ദിവസങ്ങൾക്കിടയിലെ അവധി ദിവസങ്ങളിലോ സ്കൂൾ സാഹചര്യമനുസരിച്ച് മൊഡ്യൂൾ തയ്യാറാക്കി ക്ളാസുകൾ എടുക്കേണ്ടതാണ്.

3. വേണമെങ്കിൽ ഒന്നുരണ്ടാഴ്ച അവസാനത്തെ പിരീഡ് ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ് നൽകാവുന്നതാണ്.

4. ഒരേ വിഷയ കോമ്പിനേഷനിൽ ഒന്നിലധികം ബാച്ചുകളുള്ള സ്കൂളുകളിൽ ഇങ്ങനെയുള്ള പരിഹാരബോധനത്തിന് ആവശ്യകതയുള്ള വിദ്യാർത്ഥികളെ ഒരുമിച്ച് പഠിപ്പിക്കാം.

5. എല്ലാ സ്കൂളുകളിലും ഷെഡ്യൂൾ തയ്യാറാക്കി ക്ലാസുകൾ നടത്താനുള്ള ചുമതല പ്രിൻസിപ്പൽമാർക്കാണ്. ഓരോ സ്കൂളിലും നയ്യാറാക്കുന്ന ഷെഡ്യൂൾ ആർ ഡി ഡി മാർക്ക് ലഭ്യമാക്കേണ്ടതും ആർ ഡി ഡി മാർ അത് സംബന്ധിച്ച് ഡയറക്ടറേറ്റിലേക്ക് ക്രോഡീകരിച്ച റിപ്പോർട്ട് നൽകേണ്ടതുമാണ്.

Signed by
Shanavas S
Date: 13-08-2024 16:57:29

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഡയറക്ടറേറ്റ് തലത്തിൽ ഡാറ്റ ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി
താഴെ സൂചിപ്പിച്ച ലിങ്ക് വഴി 23/08/20204നകം പ്രിൻസിപ്പൽമാർ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

ഗൂഗിൾ ഫോം ലിങ്ക്

https://forms.gle/ay8aCDHgmkyueay78

പകർപ്പ്: റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർമാർ

**Govt/Aided/Unaided** ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ